(ബി) ഉണ്ട്. ഫിഷറീസ്നയം പുതുക്കുന്ന ജോലികൾ അന്തിമഘട്ടത്തിലാണ്.

(സി) പുതിയതായി നടപടികളാരംഭിച്ചതായി അറിവില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

കേന്ദ്ര സർക്കാർ സാമ്പത്തിക ആനുകൂല്യം അനുവദിക്കേണ്ട പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമപദ്ധതികൾ

*20 [50] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമത്തിനായി കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ നടപ്പാക്കുന്ന പദ്ധതികളിൽ പൂർണ്ണമായും കേന്ദ്ര സർക്കാർ സാമ്പത്തിക സഹായം അനുവദിച്ചിട്ടുള്ള ഏതെങ്കിലും പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഭരണഘടനാപരമായി കേന്ദ്ര സാമ്പത്തിക സഹായം അനുവദിക്കേണ്ട തരത്തിലുള്ള ഏതെങ്കിലും പദ്ധതികൾ കേന്ദ്രത്തിന്റെ അനുമതിക്കായി ഈ സർക്കാർ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന്റെ ക്ഷേമത്തിനുള്ള ഏതെങ്കിലും പദ്ധതികൾക്ക് ധനസഹായം ആവശ്യപ്പെട്ടുകൊണ്ട് ധനകാര്യ കമ്മീഷനിൽ അപേക്ഷ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ) :

(എ) ഉണ്ട്. പട്ടികജാതി ക്ഷേമത്തിനെ സംബന്ധിച്ചിടത്തോളം എസ്. സി. എ. ടു എസ്. സി. പി. വിദ്യാർത്ഥികളുടെ നിലവാരം ഉയർത്തൽ പദ്ധതി പൂർണ്ണമായും കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായം ഉപയോഗിച്ച് നടപ്പാക്കുന്നവയാണ്. എസ്. സി. എ. ടു എസ്. സി. പി. ഫണ്ട് ചെലവാക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിന് പദ്ധതികൾ അയച്ചു കൊടുത്ത് അംഗീകരിച്ചശേഷം സംസ്ഥാന സർക്കാർ നടപ്പാക്കുന്നവയാണ്. വിദ്യാർത്ഥികളുടെ നിലവാരം ഉയർത്തൽ പദ്ധതി കട്ടേലയിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളിൽ മാത്രമേ ഇപ്പോൾ നടപ്പിലാക്കി വരുന്നുള്ളൂ.

പട്ടികവർഗ്ഗ ക്ഷേമത്തിനായി കേന്ദ്ര സർക്കാരിന്റെ അനുമതിയോടുകൂടി പ്രത്യേക കേന്ദ്ര സഹായപദ്ധതി ഭരണഘടനയുടെ ആർട്ടിക്കിൽ 275(1) പ്രകാരമുള്ള പദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായ പദ്ധതി എന്നീ ഇനങ്ങളിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

2002-2003 പ്രത്യേക കേന്ദ്ര സഹായം

(1) പട്ടികവർഗ്ഗ പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം - 9 കോടി രൂപ

(2) വയനാട് ജില്ലയിലെ പട്ടികവർഗ്ഗ പ്രദേശങ്ങളിലേക്കുള്ള കുടിവെള്ള പദ്ധതി - 7 കോടി രൂപ

പ്രസ്തുത പദ്ധതികളിൽ ആദ്യത്തേത് വയനാട്, ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിലെ സ്കൂളുകളുടെയും ആശുപത്രികളുടെയും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്താനാണ്. ഇവ സംസ്ഥാന സർക്കാരിന്റെ അനുമതിയോടുകൂടി നടപ്പാക്കി വരുന്നു. രണ്ടാമത്തേത് വയനാട് ജില്ലയിലെ പട്ടികവർഗ്ഗ പ്രദേശങ്ങൾക്കുള്ള കുടിവെള്ള പദ്ധതിയാണ്. ഈ പദ്ധതി (എസ്. സി. യു. എഫ്.) സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ വഴിയാണ് നടപ്പിലാക്കാൻ ഭരണാനുമതി നൽകിയിട്ടുള്ളത്. ഇത് പ്രാരംഭഘട്ടത്തിലാണ്.

2003-2004 പ്രത്യേക കേന്ദ്ര സഹായം

(1) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തൽ - 5 കോടി രൂപ

(2) പട്ടികവർഗ്ഗക്കാർക്കുള്ള സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി - 10 കോടി രൂപ.

(3) പ്രാക്തന ഗോത്ര ആദിവാസികളുടെ അടിസ്ഥാന സൗകര്യ വികസനം - 10 കോടി രൂപ.

(4) വയനാട് ജില്ലയിലെ കുടിവെള്ള സൗകര്യം മെച്ചപ്പെടുത്തൽ-5.50 കോടി രൂപ (രണ്ടാം ഘട്ടം).

ആദ്യത്തെ പദ്ധതി നടപ്പിലാക്കി വരുന്നു. രണ്ടാമത്തേയും മൂന്നാമത്തേയും പദ്ധതി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ആർട്ടിക്കിൽ 275 (1) പ്രകാരം നടപ്പാക്കുന്ന പദ്ധതികൾ

(1) മോഡൽ റസിഡൻഷ്യൽ സ്കൂൾ, പുക്കോട് (കെട്ടിട നിർമ്മാണം)-2.50 കോടി രൂപ.

(2) മോഡൽ റസിഡൻഷ്യൽ സ്കൂൾ, ഇടുക്കി (സ്കൂൾ കെട്ടിട നിർമ്മാണം) 1.00 കോടി രൂപ.

(3) മോഡൽ റസിഡൻഷ്യൽ സ്കൂൾ ഞാറനീലി തിരുവനന്തപുരം (സ്കൂൾ കെട്ടിട നിർമ്മാണം)-2.00 കോടി രൂപ.

LIBRARY ARCHIVES Kerala Legislative Assembly

(4) പ്രാക്തന ഗോത്രവർഗ്ഗക്കാർക്കുള്ള പ്രത്യേക പുതിയ പദ്ധതികൾ-2.39 കോടി രൂപ.

(5) പട്ടികവർഗ്ഗ വ്യാപാര സമുച്ചയ നിർമ്മാണം, എറണാകുളം--2.50 കോടി രൂപ.

പട്ടികവർഗ്ഗ ഉപ പദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായം

(എസ്. സി. എ. ടു എസ്. സി. പി.)

അട്ടപ്പാടി ഹെൽത്ത് പ്രോജക്ട് (ആശുപത്രി കെട്ടിട നിർമ്മാണം)-1.00 കോടി രൂപ.

(ബി) പട്ടികജാതിക്കാർക്ക് സമർപ്പിച്ചിട്ടില്ല. പട്ടിക വർഗ്ഗക്കാർക്ക് ഉണ്ട്. പ്രാക്ത വർഗ്ഗക്കാരായ കോറഗ, കാട്ടുനായ്ക്ക, ചോലനായ്ക്ക കുറുമ്പ എന്നീ വിഭാഗങ്ങളുടെ കൃഷിയും മറ്റു തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുന്നതിനുള്ള 15 ലക്ഷം രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

(സി) എല്ലാ വകുപ്പുകളുടേയും ആവശ്യം ധനകാര്യ കമ്മീഷന് അപേക്ഷ നൽകുന്നത് ധനകാര്യ വകുപ്പാണ്. അതുകൊണ്ട് ഈ വകുപ്പിൽ നിന്നും പ്രത്യേക നടപടി സ്വീകരിച്ചിട്ടില്ല.

സംസ്ഥാനത്തെ നദീജലം അന്യ സംസ്ഥാനങ്ങളിലേക്ക് ചോർത്തിക്കൊണ്ട് പോകുന്നത് തടയാൻ നടപടി

*21 [51] ശ്രീ. സി. ടി. അഹമ്മദ് അലി :

,, കളത്തിൽ അബ്ദുള്ള :

,, യു. സി. രാമൻ :

,, ഇ. ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഉത്ഭവിക്കുന്ന നദികളിലെ ജലം അയൽ സംസ്ഥാനങ്ങളിൽ ചോർത്തിക്കൊണ്ടുപോകുന്നത് തടയാൻ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തെല്ലാം;

(ബി) ജലം ചോർത്തിക്കൊണ്ടുപോകുന്നത് തടയാൻ ഉത്തരവാദിത്തമുള്ള ഉദ്യോഗസ്ഥർ അനാസ്ഥ കാട്ടിയിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഉദ്യോഗസ്ഥർ അനാസ്ഥ കാട്ടിയിട്ടുണ്ടെന്ന് തെളിഞ്ഞിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly